# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 നവംബർ 2, ബുധൻ

**നമ്പർ 36**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

മലപ്പുറം കളക്ടറേറ്റ് വളപ്പിൽ 1-11-2016-നുണ്ടായ സ്ഫോടനംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തി വെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ഉബൈദുള്ളയും മറ്റൊരംഗവും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ബി.ജെ.പി. അംഗം സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

1. പാറനികളും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ എത്തിച്ചേരാനായി ഒരു സംസ്ഥാന പാത നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. ബാബു മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ മേഖലയിലെ സ്വദേശിവൽക്കരണംമൂലവും സാമ്പത്തിക മാന്ദ്യംമൂലവും പ്രവാസി കേരളീയർ മടങ്ങി വരുന്നതിന്റെ ഫലമായി ഉളവായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധിയിലേക്ക് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 52/2017(i).

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ അംഗങ്ങൾ ഉന്നയിച്ചു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എം. സ്വരാജ് | വല്ലാർപാടത്ത് ദളിത്, ദരിദ്ര കുടുംബങ്ങൾക്കെതിരെ സർഫാസി നിയമം ദുരുപയോഗം ചെയ്യപ്പെട്ടത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. അൻവർ സാദത്ത് | കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട് ആലുവ ബൈപ്പാസിൽ മൾട്ടി ലെവൽ കാർ പാർക്കിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എം.ഷാജി | മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. പി. ഉണ്ണി | ഒറ്റപ്പാലം താലൂക്കിൽ 'റവന്യൂ അദാലത്ത് ' സംഘടിപ്പിക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീമതി ഇ. എസ്. ബിജിമോൾ | ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധമായ വിവിധ വിഷയങ്ങൾ സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | പുറമ്പോക്ക് ഭൂമി മാർക്കറ്റ് വിലയ്ക്ക് അനുഭവാവകാശികൾക്ക് നൽകുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. കുഞ്ഞിരാമൻ | അടയ്ക്കാ കൃഷി ഉത്പാദനവുമായി ബന്ധപ്പെടുത്തി കാസർഗോഡ് അഗ്രോ പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 8 | ശ്രീ. അനൂപ് ജേക്കബ് | കെ. എസ്. റ്റി. പി. റോഡ് വികസനത്തിന്റെ ഭാഗമായി വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തനം നിലയ്ക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. റ്റി. വി. രാജേഷ് | പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ:</u>

ചട്ടം 47(2) പ്രകാരം താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവച്ചു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1545-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

<u>റിപ്പോർട്ട് സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1. 2016-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്.
2. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട്.

നിയമനിർമ്മാണകാര്യം:

1. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ശ്രീ. കെ. എം. മാണി, ശ്രീ. വി. ഡി. സതീശൻ എന്നിവർ ബില്ലിന്റെ അവതരണത്തിനെതിരെ തടസ്സവാദങ്ങൾ ഉന്നയിച്ച് സംസാരിച്ചു. റവന്യൂവും ഭവനനിർമ്മാണവും മന്ത്രിയുടെ വിശദീകരണത്തിനുശേഷം ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്തു. അതിനുശേഷം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി, ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. സുരേഷ് കുറുപ്പും അവതരിപ്പിച്ചു. ചർച്ചയും മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2. ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. ശ്രീ. കെ. എം. മാണി, ശ്രീ. എം. ഉമ്മർ, ശ്രീ. വി. ഡി. സതീശൻ എന്നിവർ ബിൽ പരിഗണനയ്ക്ക് എടുക്കുന്നതിനെതിരെ ക്രമപ്രശ്നങ്ങൾ ഉന്നയിച്ച് സംസാരിച്ചു. ധനകാര്യവും കയറും വകുപ്പ് മന്ത്രിയുടെ മറുപടിക്കുശേഷം ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ല എന്ന് ചെയർ റൂൾ ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. വി. ഡി. സതീശൻ, ഡോ. എൻ. ജയരാജ് എന്നിവർ സംസാരിച്ചു. തുടർന്ന്, പ്രസ്തുത ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. കെ. ശശിയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ഐ. സി. ബാലകൃഷ്ണനും അവതരിപ്പിച്ചു. ചർച്ചയ്ക്ക് ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

രണ്ടാം വകുപ്പ്

2-ാം ഖണ്ഡത്തിൽ "നിക്ഷേപനിധി" എന്ന വാക്കിനു പകരം " നിക്ഷേപ നിധി " എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 2(i) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എഎ)യിലെ "സ്വകാര്യമേഖലാ പങ്കാളി" എന്ന വാക്കുകൾക്ക് പകരം "സ്വകാര്യമേഖലാപങ്കാളി " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 2(i) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എബി)യിലെ "സ്വകാര്യമേഖലാ പങ്കാളിയും" എന്ന വാക്കുകൾക്ക് പകരം "സ്വകാര്യമേഖലാപങ്കാളിയും " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എസി)യിലെ "പ്രാഥമിക നിക്ഷേപത്തിനുള്ള" എന്നീ വാക്കുകൾക്ക് പകരം " നിക്ഷേപത്തിനുള്ള പ്രാഥമിക " എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഎ) യിൽ " പൊതുമേഖലാ സംരംഭമോ " എന്നീ വാക്കുകൾക്ക് ശേഷം "കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ബോർഡോ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും സ്ഥാപനമോ " എന്നീ വാക്കുകൾ ചേർക്കുക.

മൂന്നാം വകുപ്പ്

പ്രധാന ആക്റ്റിലെ വകുപ്പ് 3 (4) (സി)യുടെ അവസാനം " സഹകരണ ബാങ്കുകൾ, മറ്റ് വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്ന് അടിസ്ഥാന സൗകര്യ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് എടുക്കുന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിന് " എന്ന് ചേർക്കുക.

ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിസി)യിൽ "വായ്പകളും" എന്നതിനു ശേഷം " മുൻകൂറുകളും " എന്ന് ചേർക്കുക.

ആറാം വകുപ്പ്

ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (4)-ൽ " ആറ് " എന്നതിനു പകരം " എട്ട് " എന്ന് ചേർക്കുക.

ഏഴാം വകുപ്പ്

ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (കെ)-ൽ " അധികം " എന്ന വാക്കിന് പകരം " മിച്ചം " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (5)-ൽ " നാല് " എന്നതിനു പകരം " അഞ്ച് " എന്ന് ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 സി (4)-ൽ " സ്വഭാവദൂഷ്യം " എന്നതിനു ശേഷം "അഴിമതി എന്നിവ " എന്നു കൂടി ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (8)-ൽ " കരുതുന്ന പ്രകാരമുള്ളത്ര " എന്നതിന് പകരം "കരുതുന്നത്ര പ്രകാരമുള്ള " എന്ന് ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ " ഒരു " എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ " വിനിയോഗവും അധിക തുകയുടെ നിക്ഷേപവും " എന്നതിന് പകരം " വിനിയോഗവും മിച്ചമുള്ള തുകയുടെ നിക്ഷേപവും " എന്ന് ചേർക്കുക.

എട്ടാം വകുപ്പ്

ബില്ലിന്റെ 8-ാം ഖണ്ഡത്തിൽ (2)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ "പ്രോജക്റ്റിൽ നിന്നുമുണ്ടായ വരുമാനം യൂസർ ലെവി ഉൾപ്പെടെയുള്ള" എന്നത് " പ്രോജക്റ്റിൽ നിന്നുമുണ്ടായ യൂസർ ലെവി ഉൾപ്പെടെയുള്ള വരുമാനം " എന്ന് മാറ്റുക.

ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ " ഓരോ ലിറ്റർ പെട്രോളിന്മേലും ചുമത്തപ്പെടുന്ന സെസ്സ് " എന്ന വാക്കുകൾക്ക് പകരം " പെട്രോളിയം ഉൽപ്പന്നങ്ങളിന്മേൽ ചുമത്തിയിട്ടുള്ള സെസ്സ് " എന്ന ചേർക്കേണ്ടതാണ്.

പതിനാലാം വകുപ്പ്

ഖണ്ഡം 14 (ബി)-ൽ " കരാറ് " എന്ന വാക്കിനു പകരം "കരാറും " എന്ന് ചേർക്കുക.

ദീർഘശീർഷകം

ദീർഘശീർഷകത്തിൽ "അടിസ്ഥാനസൗകര്യ "എന്ന വാക്കിനു പകരം" അടിസ്ഥാന സൗകര്യ " എന്ന വാക്കുകൾ ചേർക്കുക.

ദീർഘശീർഷകത്തിൽ " നിക്ഷേപനിധി " എന്ന വാക്കിനു പകരം "നിക്ഷേപ നിധി " എന്നീ വാക്കുകൾ ചേർക്കുക.

പീഠിക

" അടിസ്ഥാനസൗകര്യ " എന്ന വാക്കിനു പകരം " അടിസ്ഥാന സൗകര്യ " എന്ന വാക്കുകൾ ചേർക്കുക.

" അടിസ്ഥാനസൗകര്യ നിക്ഷേപനിധി " എന്നതിനു പകരം " അടിസ്ഥാന സൗകര്യ നിക്ഷേപ നിധി " എന്ന് ചേർക്കുക.

2016 നവംബർ 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 4.41-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, November 2, 2016*

**No. 36**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri P. Ubaidulla and another member regarding the reported serious situation that had arisen consequent to the explosion that occurred in the premises of Malappuram Collectorate on 1-11-2016.

In protest against the attitude of the Government in the matter the BJP Member staged a walkout.

*Calling Attention:*

(1) Shri K. Babu called the attention of the Chief Minister to the necessity to construct an alternate State road to reach areas including Parambikulam to overcome the difficulties being experienced in travel through routes via. Tamil Nadu. The Chief Minister made a statement thereto.

(2) Shri P. K. Kunhalikutty called the attention of the Chief Minister to the economic crisis, including rehabilitation of expatriate Keralites, reportedly being experienced by the State consequent on the indigenisation and the economic recession in Gulf Countries. The Chief Minister made a statement thereto.

52/2017(ii).

*The matters raised by Members Under Rule 304:*

The matters raised by Members in the House Under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എം. സ്വരാജ് | വല്ലാർപാടത്ത് ദളിത്, ദരിദ്ര കുടുംബങ്ങൾക്കെതിരെ സർഫാസി നിയമം ദുരുപയോഗം ചെയ്യപ്പെട്ടത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. അൻവർ സാദത്ത് | കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട് ആലുവ ബൈപ്പാസിൽ മൾട്ടി ലെവൽ കാർ പാർക്കിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. കെ. എം. ഷാജി | മതസ്പർദ്ധ വളർത്തുന്ന പ്രസംഗങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. പി. ഉണ്ണി | ഒറ്റപ്പാലം താലൂക്കിൽ 'റവന്യൂ അദാലത്ത്' സംഘടിപ്പിക്കുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീമതി ഇ. എസ്. ബിജിമോൾ | ഇടുക്കി ജില്ലയിലെ ഭൂമി സംബന്ധമായ വിവിധ വിഷയങ്ങൾ സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | പുറമ്പോക്ക് ഭൂമി മാർക്കറ്റ് വിലയ്ക്ക് അനുഭവാവകാശികൾക്ക് നൽകുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. കുഞ്ഞിരാമൻ | അടയ്ക്കാ കൃഷി ഉത്പാദനവുമായി ബന്ധപ്പെടുത്തി കാസർഗോഡ് അഗ്രോ പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് | കൃഷി വകുപ്പുമന്ത്രി |
| 8 | ശ്രീ. അനൂപ് ജേക്കബ് | കെ. എസ്. റ്റി. പി. റോഡ് വികസനത്തിന്റെ ഭാഗമായി വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തനം നിലയ്ക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. റ്റി. വി. രാജേഷ് | പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നത് സംബന്ധിച്ച് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

The Ministers concerned made statements thereto.

*Papers laid on the Table:*

The following paper was laid on the table as per Rule 47(2):

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1545-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

*Presentation of Reports:*

The following Reports were presented:

1. The Report of the Subject Committee-VIII on the Kerala Finance Bill, 2016.

2. The First Report of the Committee on the Welfare of Non-Resident Keralites.

*Legislative Business:*

1. Shri E. Chandrasekharan, Minister for Revenue and Housing introduced the Kerala Conservation of Paddy Land and Wetland (Amendment) Bill, 2016 and moved that the Bill be referred to Subject Committee. Shri K. M. Mani and Shri V. D. Satheesan raised objections against the introduction of the bill. After discussion and reply from the Minister for Revenue and Housing, the Chair ruled that the objections raised were notwithstanding. Then, Shri Thiruvanchoor Radhakrishnan, as authorised by Shri P. T. Thomas, moved an amendment to circulate the bill for eliciting public opinion and Shri K. Suresh Kurup moved another amendment for referring the Bill to a Select Committee. After discussion and reply from the Minister the moved amendments were withdrawn by the leave of the House. The Bill was then referred to Subject Committee-II- Land Revenue and Devaswoms.

2. DR. T. M. Thomas Isaac, Minister for Finance and Coir moved that the Kerala Infrastructure Investment Fund (Amendment) Bill, 2016, as reported by the Subject Committee, be taken into consideration. Shri K. M. Mani, Shri M. Ummer and Shri V. D. Satheesan raised points of order against the consideration of the Bill. After the reply from the Minister for Finance and Coir, the raised objections were ruled to be notwithstanding. Then, Shri Thiruvanchoor Radhakrishnan, Shri V. D. Satheesan and DR. N. Jayaraj who had recorded their minutes of dissent on the Report of the Subject Committee also spoke. After that, Shri P. K. Sasi moved an amendment for circulation of the Bill for eliciting public opinion and Shri I. C. Balakrishan moved another amendment that the Bill be again referred to the same Subject Committee. The Amendments moved were withdrawn by the leave of the House. Then the Bill was taken into consideration and was passed subject to the following amendments:

<u>രണ്ടാം വകുപ്പ്</u>

2-ാം ഖണ്ഡത്തിൽ "നിക്ഷേപനിധി" എന്ന വാക്കിനു പകരം " നിക്ഷേപ നിധി " എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 2(i) മുഖേന പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എഎ)യിലെ "സ്വകാര്യമേഖല പങ്കാളി" എന്ന വാക്കുകൾക്ക് പകരം "സ്വകാര്യമേഖലാപങ്കാളി " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 2(i) മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എബി)യിലെ "സ്വകാര്യമേഖല പങ്കാളിയും" എന്ന വാക്കുകൾക്ക് പകരം "സ്വകാര്യമേഖലാപങ്കാളിയും" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എസി)യിലെ "പ്രാഥമിക നിക്ഷേപത്തിനുള്ള" എന്നീ വാക്കുകൾക്ക് പകരം " നിക്ഷേപത്തിനുള്ള പ്രാഥമിക" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഎ) യിൽ " പൊതുമേഖലാ സംരംഭമോ " എന്നീ വാക്കുകൾക്ക് ശേഷം "കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ബോർഡോ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും സ്ഥാപനമോ " എന്നീ വാക്കുകൾ ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

പ്രധാന ആക്ടിലെ വകുപ്പ് 3 (4) (സി)യുടെ അവസാനം " സഹകരണ ബാങ്കുകൾ, മറ്റ് വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്ന് അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് എടുക്കുന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിന് " എന്ന് ചേർക്കുക.

ഖണ്ഡം 3 (ഇ) (iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (സിസി)യിൽ "വായ്പകളും" എന്നതിനുശേഷം " മുൻകൂറുകളും " എന്ന് ചേർക്കുക.

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 എ (4)-ൽ " ആറ് " എന്നതിനു പകരം " എട്ട് " എന്ന് ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 എ (കെ)-ൽ " അധികം " എന്ന വാക്കിന് പകരം " മിച്ചം " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ബി (5)-ൽ " നാല് " എന്നതിനു പകരം " അഞ്ച് " എന്ന് ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിച്ചിട്ടുള്ള വകുപ്പ് 6 സി (4)-ൽ " സ്വഭാവദൂഷ്യം " എന്നതിനു ശേഷം "അഴിമതി എന്നിവ" എന്നു കൂടി ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 സി (8)-ൽ " കരുതുന്ന പ്രകാരമുള്ളത് " എന്നതിന് പകരം "കരുതുന്നത്ര പ്രകാരമുള്ള " എന്ന് ചേർക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ " ഒരു " എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 7 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6 ഡി (2)-ൽ "വിനിയോഗവും അധിക തുകയുടെ നിക്ഷേപവും" എന്നതിന് പകരം " വിനിയോഗവും മിച്ചമുള്ള തുകയുടെ നിക്ഷേപവും " എന്ന് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

ബില്ലിന്റെ 8-ാം ഖണ്ഡത്തിൽ (2)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "പ്രോജക്ടിൽ നിന്നുണ്ടായ വരുമാനം യൂസർ ലെവി ഉൾപ്പെടെയുള്ള" എന്നത് " പ്രോജക്ടിൽ നിന്നുണ്ടായ യൂസർ ലെവി ഉൾപ്പെടെയുള്ള വരുമാനം " എന്ന് മാറ്റുക.

ഖണ്ഡം 8 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 7(1)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ " ഓരോ ലിറ്റർ പെട്രോളിന്മേലും ചുമത്തപ്പെടുന്ന സെസ്സ് " എന്ന വാക്കുകൾക്ക് പകരം " പെട്രോളിയം ഉൽപന്നങ്ങളിന്മേൽ ചുമത്തിയിട്ടുള്ള സെസ്സ് " എന്ന് ചേർക്കേണ്ടതാണ്.

<u>പതിനാലാം വകുപ്പ്</u>

ഖണ്ഡം 14 (ബി)-ൽ "ക്വാറം" എന്ന വാക്കിനു പകരം "ക്വാറവും" എന്ന് ചേർക്കുക.

<u>ദീർഘശീർഷകം</u>

ദീർഘശീർഷകത്തിൽ "അടിസ്ഥാനസൗകര്യ" എന്ന വാക്കിനു പകരം "അടിസ്ഥാന സൗകര്യ" എന്ന വാക്കുകൾ ചേർക്കുക.

ദീർഘശീർഷകത്തിൽ " നിക്ഷേപനിധി " എന്ന വാക്കിനു പകരം "നിക്ഷേപ നിധി " എന്നീ വാക്കുകൾ ചേർക്കുക.

<u>പീഠിക</u>

" അടിസ്ഥാനസൗകര്യ " എന്ന വാക്കിനു പകരം " അടിസ്ഥാന സൗകര്യ " എന്ന വാക്കുകൾ ചേർക്കുക.

" അടിസ്ഥാനസൗകര്യ നിക്ഷേപനിധി " എന്നതിനു പകരം " അടിസ്ഥാന സൗകര്യ നിക്ഷേപ നിധി " എന്ന് ചേർക്കുക.

The House adjourned at 4.41 p.m. to meet again at 8.30 a.m. on Thursday, November 3, 2016.

V. K. BABU PRAKASH,
*Secretary.*